I ഇ.ബി. XIII-കേരള നിയമസഭ/XIV-7

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 07, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**അടിയന്തരപ്രമേയം**

**പോലീസ് അതിക്രമം**

മി. സ്പീക്കർ: പാഠപുസ്തകം ചോദിച്ചും അച്ചടി അട്ടിമറിച്ചതിൽ പ്രതിഷേധിച്ചും ഇന്നലെ പ്രകടനം നടത്തിയ എസ്.എഫ്.ഐ. വിദ്യാർത്ഥികൾക്കുനേരെ നിയമസഭയ്ക്കുമുമ്പിലും കോഴിക്കോട്, കോട്ടയം ഡി.ഡി. ഓഫീസുകൾക്കും പാലക്കാട് കള്ടറേറ്റിന് മുമ്പിലും യാതൊരു പ്രകോപനവുമില്ലാതെ പോലീസ് കണ്ണീർവാതകവും ജലപീരങ്കിയും പ്രയോഗിക്കുകയും ലാത്തിച്ചാർജ്ജ് ചെയ്യുകയും നിരവധി

പ്രവർത്തകർക്ക് പരിക്കേൽക്കുകയും ചെയ്തതിനെത്തുടർന്ന് സംസ്ഥാനത്തെ വിദ്യാർത്ഥികൾ ആശങ്കാകുലരായിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. വി. രാജേഷ്, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പാഠപുസ്തക വിതരണത്തിലുണ്ടായ കാലതാമസത്തിൽ പ്രതിഷേധിച്ച് ഇന്നലെ നൂറോളം എസ്.എഫ്.ഐ. പ്രവർത്തകർ നിയമസഭയിലേയ്ക്ക് നടത്തിയ മാർച്ച് പോലീസ് തടഞ്ഞതിനെത്തുടർന്ന് സമരാനുകൂലികൾ അക്രമാസക്തരായി ബാരിക്കേഡുകൾ മറിച്ചിടുകയും പോലീസിനുനേരെ കല്ലേറ് നടത്തുകയും ചെയ്തു. അക്രമം നിയന്ത്രണാതീതമായപ്പോൾ ജലപീരങ്കിയും കണ്ണീർവാതകവും പ്രയോഗിച്ചും ലാത്തിവീശിയും പോലീസ് സമരക്കാരെ പിരിച്ചുവിടുകയുണ്ടായി. പിരിഞ്ഞുപോയ സമരാനുകൂലികൾ യൂണിവേഴ്സിറ്റി കോളേജിന്റെ മെയിൻ ഗേറ്റിന് മുൻവശം സംഘം ചേർന്ന് എം. ജി. റോഡിൽ മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിക്കുകയും കരിങ്കല്ലും ഇഷ്ടിക കഷണങ്ങളും പെട്രോൾ ബോംബുകളും പോലീസിനും വാഹനങ്ങൾക്കും നേരെ വലിച്ചെറിയുകയും ചെയ്തു. കല്ലേറിൽ നിരവധി പോലീസുകാർക്ക് പരിക്കേൽക്കുകയും വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ശ്രീ. വി. ശിവൻകുട്ടി

എം.എൽ.എ.യ്ക്കും നിരവധി എസ്.എഫ്.ഐ. പ്രവർത്തകർക്കും പരിക്കേൽക്കുകയുണ്ടായി. ആലപ്പുഴ, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ നടന്ന അക്രമസംഭവങ്ങളിലും നിരവധി പോലീസുകാർക്ക് പരിക്കേൽക്കുകയും വാഹനങ്ങൾ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അക്രമ സംഭവങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്.

ശ്രീ. ടി. വി. രാജേഷ്: വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. പാഠപുസ്തകങ്ങൾ ഉടൻതന്നെ വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ പ്രതിഷേധ മാർച്ച് നടത്തിയ നിരായുധരായ വിദ്യാർത്ഥികളെ പോലീസ് തല്ലിച്ചതയ്ക്കുകയും നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയും ചെയ്തു. നിയമസഭയിലേയ്ക്ക് മാർച്ച് നടത്തിയ വിദ്യാർത്ഥികൾക്കുനേരെ യാതൊരു പ്രകോപനവുമില്ലാതെ പോലീസ് ലാത്തിച്ചാർജ് നടത്തുകയും ഗ്രനേഡ് പ്രയോഗിക്കുകയും ചെയ്തു. വിദ്യാർത്ഥികളെ അനുനയിപ്പിക്കാൻ ശ്രമിച്ച നിയമസഭാംഗം ശ്രീ. വി. ശിവൻകുട്ടിയെ പോലീസ് ഷീൽഡ് കൊണ്ട് കുത്തുകയും കാലിന് പരിക്കേറ്റ് അദ്ദേഹം ആശുപത്രിയിലാകുകയും ചെയ്തു. പോലീസിന്റെ ഗ്രനേഡ് ആക്രമണത്തിൽ നിന്നും നാല് നിയമസഭാ അംഗങ്ങൾ തലനാരിഴയ്ക്കാണ്

രക്ഷപ്പെട്ടത്. യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിയായ മിഥുനെ ഗുരുതരമായി പരിക്കേറ്റ് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. യൂണിവേഴ്സിറ്റി കോളേജിന് നേരെ പോലീസ് ഗ്രനേഡ് പ്രയോഗിച്ചതിന്റെ ഫലമായി വിഷവാതകം ശ്വസിച്ച് ക്ലാസിലിരുന്ന പെൺകുട്ടികൾ ബോധരഹിതരായി. കോഴിക്കോട്ട് പ്രതിഷേധ മാർച്ചിനുനേരെ ലാത്തിച്ചാർജ്ജ് നടത്തിയ പോലീസ് എസ്.എഫ്.ഐ.യുടെ ജില്ലാ കമ്മിറ്റി അംഗം അഖിൽദാസിനെ പന്ത്രണ്ട് മണിക്കൂറോളം ലോക്കപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചു. പാലക്കാട്ട് നിരവധി പെൺകുട്ടികൾക്ക് ഗ്രനേഡ് ആക്രമണത്തിൽ സാരമായി പരിക്കേറ്റിട്ടുണ്ട്. പോലീസിനെ കയറൂരി വിട്ടും ഗ്രനേഡ് എറിഞ്ഞും കള്ളക്കേസിൽ കുടുക്കി ജയിലിൽ അടച്ചും വിദ്യാർത്ഥികളുടെ ന്യായമായ സമരത്തെ ഇല്ലാതാക്കാൻ കഴിയുമെന്ന് സർക്കാർ വ്യാമോഹിക്കരുത്. പാഠപുസ്തകം അച്ചടിക്കാനുള്ള ഫയൽ ആറ് മാസത്തോളം പൂഴ്ത്തിവച്ച് അച്ചടി സ്വകാര്യ പ്രസിനെ ഏൽപ്പിക്കാനുള്ള നീക്കമാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയത്. സംഭവം വിവാദമായപ്പോൾ റീടെണ്ടർ ചെയ്യാൻ പോകുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞുവെങ്കിലും മണിക്കൂറുകൾക്കുള്ളിൽ റീടെണ്ടർ നടത്തില്ലെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ കോർപ്പറേറ്റുകൾക്ക് കടന്നുവരാനുള്ള അവസരമൊരുക്കുമെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി

അധികാരമേറ്റയുടൻ പറഞ്ഞത്. ഹയർസെക്കണ്ടറി മേഖലയിൽ അലോട്ട്മെന്റ് രണ്ടാക്കി ചുരുക്കിക്കൊണ്ട് വിദ്യാർത്ഥികളെ എയിഡഡ് സ്കൂളുകളിലെത്തിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഉയർന്ന മാർക്ക് നേടിയിട്ടും പ്ലസ് വൺ പ്രവേശനം ലഭിക്കാത്തതിൽ മനംനൊന്ത് വിദ്യാർത്ഥി ആത്മഹത്യ ചെയ്ത സംഭവമുണ്ടായി. 361-ഓളം സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. എസ്.എസ്.എ. സംവിധാനവും ഐ.ടി.@സ്കൂൾ പദ്ധതിയും ആർ.എം.എസ്.എ. പ്രവർത്തനവും അവതാളത്തിലാണ്. മെഡിക്കൽ പി.ജി. സീറ്റ് നൂറുശതമാനവും വില്പനയ്ക്ക് വച്ച സർക്കാർ തീരുമാനം തിരുത്താൻ എസ്.എഫ്.ഐ.ക്ക് സമരം നടത്തേണ്ടിവന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മകന്റെ അഡ്മിഷൻ സംബന്ധിച്ച വിവാദത്തിൽ മാനേജ്മെന്റ് സീറ്റിലാണ് പ്രവേശനം ലഭിച്ചതെന്ന് പിന്നീട് വ്യക്തമാക്കപ്പെട്ടു. വിദ്യാഭ്യാസമേഖലയിലെ ലീഗുവൽക്കരണവും അടിക്കടിയുണ്ടാകുന്ന വിവാദങ്ങളും അവസാനിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് പുസ്തകവും യൂണിഫോമും യഥാസമയം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ന്യായമായ ആവശ്യമുന്നയിച്ച് സമരം നടത്തിയ വിദ്യാർത്ഥികൾക്കു നേരെയും ജനപ്രതിനിധികൾക്കു നേരെയുമുണ്ടായ പോലീസ് അതിക്രമത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും പാഠപുസ്തക അഴിമതിക്കെതിരെ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുന്നതിനും പാഠപുസ്തകം ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് സഭയിൽ

ഉറപ്പുനൽകുന്നതിനും തയ്യാറാകണം. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വിദ്യാർത്ഥിസമരങ്ങളെ നേരിടുന്നതിൽ തികഞ്ഞ ആത്മസംയമനം പുലർത്തണമെന്ന നിർദ്ദേശമാണ് പോലീസിന് നൽകിയിട്ടുള്ളത്. സമരം അക്രമാസക്തമായാൽ മാത്രമേ പൊതുജനശ്രദ്ധയിൽ വരികയുള്ളൂ എന്ന മനോഭാവം ഉപേക്ഷിക്കാൻ വിദ്യാർത്ഥി സംഘടകൾ തയ്യാറാകണം. പോലീസിനു നേരെ കല്ലും പെട്രോൾ ബോംബുമെറിയുന്ന സമരരീതി ആശാസ്യമല്ല. കല്ലെറിഞ്ഞ സമരക്കാരെ നിയന്ത്രിക്കാൻ ശ്രമിച്ച ജനപ്രതിനിധികളെ അഭിനന്ദിക്കുന്നു. ന്യായമായ വിദ്യാർത്ഥിസമരങ്ങളോട് അനുഭാവപൂർണ്ണമായ സമീപനമാണ് സർക്കാരിനുള്ളത്. പാഠപുസ്തകം യഥാസമയം ലഭ്യമാക്കണമെന്ന കാര്യത്തിൽ സർക്കാരിന് അഭിപ്രായവ്യത്യാസമില്ല. പാഠപുസ്തകങ്ങൾ ജൂലൈ 20-നകം ലഭ്യമാക്കുമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭയിൽ ഉറപ്പു നൽകിയ സാഹചര്യത്തിൽ അക്രമസമരങ്ങൾ അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട അംഗം വി. ശിവൻകുട്ടിക്ക് പ്രകടനക്കാരുടെ കല്ലേറിൽ പരിക്ക് പറ്റിയെന്നാണ് പത്രറിപ്പോർട്ടുകളിൽ കാണുന്നത്. അദ്ദേഹം ബഹുമാനപ്പെട്ട സ്പീക്കർക്ക് നൽകിയ പരാതി ആഭ്യന്തര വകുപ്പുമന്ത്രിക്ക് കൈമാറിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച്

ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): പാഠപുസ്തക വിതരണം ഈ മാസം 20-ാം തീയതിക്കകം നടത്തുന്നതാണ്. പാഠപുസ്തക വിതരണത്തിൽ കാലതാമസമുണ്ടായതിന് പിന്നിൽ അഴിമതിയുണ്ടെന്ന ആരോപണം നിഷേധിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലും കൃത്യസമയത്ത് പുസ്തകം വിതരണം ചെയ്തിട്ടുണ്ട്. കോർപ്പറേറ്റ് മാനേജ്മെന്റുകളെ സഹായിക്കുന്ന രീതിയിലുള്ള ഒരു പത്രസമ്മേളനവും നടത്തിയിട്ടില്ല. മാനേജ്മെന്റുകളുമായി നേരത്തെതന്നെ എഗ്രിമെന്റിൽ എത്തിയതുകൊണ്ട് ഈ രംഗത്ത് ഇതുവരെ ഒരു പ്രശ്നവുമുണ്ടായിട്ടില്ല. എന്റെ മകന്റെ അഡ്മിഷനുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യങ്ങൾ വാസ്തവവിരുദ്ധമാണ്. മാനേജ്മെന്റ് സീറ്റിലാണ് എന്റെ മകൻ പഠിച്ചത്. ഇവിടെ ഉന്നയിച്ച ആരോപണങ്ങളെല്ലാം ഞാൻ നിഷേധിക്കുകയാണ്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യൂ റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ കക്ഷിനേതാക്കൾ പ്രസ്താവന നടത്തുകയും അവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

## (1) തെരുവ് നായ്ക്കളുടെ ശല്യം

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): കേരളത്തിൽ നഗര-ഗ്രാമ വ്യത്യാസമില്ലാതെ അലഞ്ഞുതിരിയുന്ന തെരുവ് നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരികയാണ്. പ്രതിവർഷം തൊണ്ണൂറായിരത്തോളം ആളുകൾക്ക് നായ്ക്കളുടെ കടിയേൽക്കുകയും ധാരാളംപേർ പേവിഷ ബാധയേറ്റ് മരിക്കുകയും ചെയ്യുന്നു. പേവിഷ ചികിത്സയ്ക്കായി 7.23 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടും മരുന്നിന് ദൗർലഭ്യം നേരിടുകയാണ്. ചില മൃഗസ്നേഹികളുടെ അതിരുകവിഞ്ഞ ഇടപെടലുകളും ഇല്ലാത്ത നിയമങ്ങളുടെയും കോടതി വിധികളുടെയും പേരുപറഞ്ഞ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ അനാസ്ഥ കാണിക്കുകയാണ്. നായ്ക്കളെ വളർത്തുന്നതിന് പഴുതില്ലാത്ത ലൈസൻസി സമ്പ്രദായം നടപ്പിലാക്കാൻ കഴിയാത്തത് ഖേദകരമാണ്. നായ്ക്കൾക്ക് പേവിഷ ബാധയ്ക്കെതിരെയുള്ള വാക്സിനേഷനും നായ്ക്കളുടെ വന്ധ്യംകരണവും ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ല. തദ്ദേശ സ്വയംഭരണം, ആരോഗ്യം, മൃഗസംരക്ഷണം, നിയമം എന്നീ വകുപ്പുകൾ ഇതിനെതിരെ സംയുക്തമായി പ്രവർത്തിക്കണം. നിലവിലുള്ള ഒരു നിയമവും തെരുവ് നായ്ക്കളെ കൊല്ലുന്നതിന് തടസ്സമല്ലെന്നാണ് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ യോഗത്തിൽ വെളിപ്പെട്ടത്. ഇതുസംബന്ധിച്ച സമഗ്രമായ

റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളും കോടതി വിധികളും ഭരണഘടന ഉറപ്പുനൽകുന്ന വ്യവസ്ഥകളും വച്ച് തെരുവ് നായ്ക്കളെ കൊല്ലാൻ കഴിയുമെന്ന് നിയമവകുപ്പ് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. നിയമത്തെ വളച്ചൊടിച്ചും കോടതി വിധികളെ തെറ്റിദ്ധരിപ്പിച്ചും മനുഷ്യജീവന് വിലകല്പിക്കാത്ത മൃഗസ്നേഹികളുടെ പ്രവർത്തികൾ പ്രതിഷേധാർഹമാണ്. ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ പ്രാധാന്യമുള്ളതാണ്. തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്ന നടപടികൾ കാര്യക്ഷമമായി നടക്കാത്തതിനാൽ ഇവയുടെ എണ്ണം വർദ്ധിക്കുകയാണ്. അവയുടെ കടിയേൽക്കുന്നവർക്ക് ചികിത്സയ്ക്കുള്ള മരുന്ന് കിട്ടുന്നില്ലെന്നുള്ള പരാതിയും ഗുരുതരമാണ്. 'പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു അനിമൽസ് ആക്ട് ' ലും 2006-ലെ വിധി ന്യായത്തിലും മനുഷ്യ ജീവന് ഭീഷണിയാകുന്ന നായ്ക്കളെ കൈകാര്യം ചെയ്യുന്നതിനുള്ള വ്യവസ്ഥയുണ്ട്. നിയമപരമായ തടസ്സങ്ങൾ ഇക്കാര്യത്തിലില്ല. 9-07-2015-ന് കൂടുന്ന സർവ്വകക്ഷി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്ത് കർശന നടപടി സ്വീകരിക്കുന്നതാണ്. എല്ലാ വകുപ്പുകളുടെയും സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുന്നതിനും മരുന്ന്, ചികിത്സ എന്നിവ ലഭ്യമാക്കുന്നതിലും

സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## (2) കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനും പുതുക്കിയ മിനിമം കൂലി ലഭ്യമാക്കുന്നതിനും നടപടി

ശ്രീ. പി. കെ. ഗുരുദാസൻ: കശുവണ്ടി വികസന കോർപ്പറേഷന്റെ അടച്ചിട്ടിരിക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് പുതുക്കിയ മിനിമം കൂലി ലഭ്യമാക്കുന്നതിനും സത്വര നടപടി സ്വീകരിക്കണം. ഫാക്ടറികളിൽനിന്ന് റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക് പകരം തൊഴിലാളികളെ നിയമിക്കണം. കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും ഇല്ലാതാവുകയെന്ന സ്വകാര്യ മുതലാളിമാരുടെ ആവശ്യത്തിന് അനുകൂലമായ നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്. യന്ത്രവൽകൃത മേഖലയിലെ കൂലി പുതുക്കി നിശ്ചയിക്കുന്നതിന് തൊഴിലാളി-തൊഴിലുടമ-ഗവൺമെന്റ് പ്രതിനിധികൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കാനുള്ള അധികാരം തൊഴിൽ വകുപ്പിനാണ്. കാഷ്യൂ കോർപ്പറേഷനെയും കശുവണ്ടിത്തൊഴിലാളികളെയും തകർക്കാനുതകുന്ന ഈ കമ്മിറ്റി പ്രവർത്തിക്കാൻ പാടില്ല.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് കഴിഞ്ഞ നാല് വർഷങ്ങളിൽ പരമാവധി ദിവസം ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ട്. പുതുക്കിയ

മിനിമം വേജസ് നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിച്ചിരിക്കുന്ന അവസരത്തിലാണ് കാഷ്യൂ കോർപ്പറേഷന്റെ നടത്തിപ്പിൽ സുതാര്യത ഇല്ലെന്ന് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് നിലപാടെടുത്തത്. ഇതുമായി ബന്ധപ്പെട്ട ഹൈക്കോടതി കേസ്സിന്മേൽ അന്തിമവിധി വരുന്നമുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്. കാഷ്യൂ കോർപ്പറേഷന്റെ ഫാക്ടറികൾ അടച്ചുപൂട്ടി തൊഴിലാളികളെ തൊഴിൽരഹിതരാക്കുന്ന നടപടിയുണ്ടാകില്ല. ഇക്കാര്യത്തിൽ വൈകാതെതന്നെ തീരുമാനമുണ്ടാക്കി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്നാണ് കരുതുന്നത്. കാപ്പെക്സുമായി ബന്ധപ്പെട്ട നിയമനിർമ്മാണം ഈ സമ്മേളനകാലത്തുതന്നെ നടത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## സബ്മിഷൻ

### (1) കുടിയൊഴിപ്പിക്കുന്ന വ്യാപാരികളുടെ പുനരധിവാസം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കൊച്ചി മെട്രോ റെയിൽ പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിച്ച വ്യാപാരികളിൽ ഒരു വിഭാഗത്തിന് പ്രഖ്യാപിച്ച ആകർഷകമായ പുനരധിവാസ പാക്കേജ് കുടിയൊഴിപ്പിക്കപ്പെട്ട എല്ലാ വ്യാപാരികൾക്കും ബാധകമാക്കാനും പദ്ധതിക്കാവശ്യമുള്ളതിൽ കൂടുതൽ സ്ഥലം ഏറ്റെടുക്കാനുമുള്ള തീരുമാനം പിൻവലിക്കാനും നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 2013-ലെ കേന്ദ്ര നിയമം

പാസ്സാക്കുന്നതിനുമുമ്പ് കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് വ്യവസ്ഥകൾ അനുസരിച്ചുള്ള നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. പച്ചാളം ബ്രിഡ്ജ്, നോർത്ത് ഓവർ ബ്രിഡ്ജ്, ബാനർജി റോഡ് എന്നിവിടങ്ങളിൽനിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം ന്യായമാണ്. മറ്റ് വരുമാന മാർഗ്ഗമില്ലെങ്കിൽ നഷ്ടപരിഹാരത്തിന് പുറമെ അഞ്ച് ലക്ഷം രൂപയും ചെറിയ കച്ചവടക്കാർക്ക് അഞ്ച് ലക്ഷം രൂപയ്ക്ക് പുറമെ 1,36,000/- രൂപയും നൽകുന്നതാണ്. റവന്യൂ പുറമ്പോക്കിൽ ചെറിയ കടകൾ നടത്തി ഉപജീവനം നടത്തുന്നവർക്കും കന്നുകാലികളെ മേയ്ക്കുന്നവർക്കും 25,000/- രൂപ നൽകാനുള്ള നടപടി കൈക്കൊള്ളുന്നതാണ്. നാമമാത്രമായ സ്ഥലം ബാക്കി വച്ചാൽ സ്ഥലം ഉടമയ്ക്ക് പ്രയോജനം ലഭിക്കുകയില്ല എന്ന കാരണത്താലാണ് ആവശ്യത്തിലേറെ സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നത് . പദ്ധതിയുടെ ആവശ്യത്തിന് മാത്രമുള്ള സ്ഥലവും കച്ചവട സ്ഥാപനങ്ങളും മാത്രം ഒഴിപ്പിച്ച് ബാക്കിയുള്ളവ ഒഴിവാക്കണമെന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) കണ്ണമ്മൂല തോടും ആക്കുളം ജലാശയവും ശുചീകരിക്കൽ

ശ്രീ. എം. എ. വാഹീദ്: കണ്ണമ്മൂല, ആമയിഴഞ്ചാൻ തോടുകളിലെ മാലിന്യം നീക്കം ചെയ്ത് കണ്ണമ്മൂല പാലം മുതൽ ആക്കുളം ജലാശയം വരെയുള്ള ഭാഗങ്ങൾ ശുദ്ധീകരിച്ച് ജലനിർഗ്ഗമന മാർഗ്ഗം സുഗമമാക്കി ജനങ്ങളെ പകർച്ചവ്യാധി

ഭീഷണിയിൽനിന്ന് രക്ഷിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഓപ്പറേഷൻ അനന്തയുടെ ഭാഗമായി കണ്ണമ്മൂല, ആമയിഴഞ്ചാൻ തോടുകളിലെ മാലിന്യം നീക്കം ചെയ്യാനും കണ്ണമ്മൂല പാലം മുതൽ ആക്കുളം ജലാശയം വരെയുള്ള ജലത്തിന്റെ ഒഴുക്ക് സുഗമമാക്കി പ്രദേശം ശുചിയാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

## (3) ഇരുപത്തിനാല് മണിക്കൂർ പോസ്റ്റുമോർട്ടം പ്രാവർത്തികമാക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സംസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂർ പോസ്റ്റുമോർട്ടം നടപ്പിലാക്കണമെന്ന ദീർഘകാലമായ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാനും ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രസ്തുത നിർദ്ദേശം പ്രാബല്യത്തിൽ കൊണ്ടുവരാനും സത്വര നടപടിയുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഇരുപത്തിനാല് മണിക്കൂർ പോസ്റ്റുമോർട്ടം നടപ്പിലാക്കുന്നതിന് ആഭ്യന്തര വകുപ്പിന് യാതൊരു എതിർപ്പുമില്ല. ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും നിയമ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായും രൂപീകരിക്കപ്പെട്ട സമിതി ഫോറൻസിക് വിദഗ്ധൻമാരുമായും ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ വിദഗ്ധരുമായും കൂടിയാലോചിച്ച്

തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകൽ വെളിച്ചത്തിന് സമാനമായ വെളിച്ചവും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ആവശ്യത്തിന് ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യ ഘട്ടമായും ജനറൽ ആശുപത്രിയിൽ അടുത്ത ഘട്ടമായും ജില്ലാ ആശുപത്രികളിൽ അന്തിമ ഘട്ടമായും രാത്രി പോസ്റ്റുമോർട്ടം നടത്തുന്നതിന് അനുമതി നൽകുകയും ഒരു മാസത്തിനുള്ളിൽ നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് ഉടൻ തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) പാസ്സ്പോർട്ട് അപേക്ഷകർ നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. പി. ഉബൈദുള്ള: പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിലുള്ള കാലതാമസംമൂലം പാസ്സ്പോർട്ട് അപേക്ഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സേവനാവകാശ നിയമപ്രകാരം ഒരു അപേക്ഷയിൻമേൽ വെരിഫിക്കേഷൻ നടത്തി

20 ദിവസത്തിനകം റിപ്പോർട്ട് നൽകണം. പാസ്പോർട്ട് ഓഫീസിൽ നിന്ന് ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് മുഖേന ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലേയ്ക്ക് അയയ്ക്കുകയും ആവശ്യമായ പരിശോധനകൾക്കുശേഷം വിവരങ്ങൾ ഓൺലൈൻ വഴിയും അതിന്റെ ഹാർഡ് കോപ്പി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസുവഴി പാസ്പോർട്ട് ഓഫീസിലേയ്ക്കും അയയ്ക്കുകയാണ് നടപടിക്രമം. അപേക്ഷയോടൊപ്പമുള്ള അനുബന്ധ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും വെരിഫൈ ചെയ്ത് ലഭിക്കുന്നതിനുള്ള കാലതാമസവും അപേക്ഷകർ ശരിയായ മേൽവിലാസം നൽകാതിരിക്കുകയും നൽകിയ അഡ്രസ്സിൽ നിന്ന് മാറിത്താമസിക്കുകയും ചെയ്യുന്നത് അന്വേഷണ റിപ്പോർട്ട് വൈകുന്നതിന് കാരണമാകുന്നുണ്ട്.

### (5) <u>ദുരൂഹ സാഹചര്യത്തിൽ കണ്ടെത്തിയ ഇറാനിയൻ പത്തേമാരി</u>

<u>ശ്രീ. അൻവർ സാദത്ത്</u>: ഇന്ത്യൻ സമുദ്രാതിർത്തിക്കുള്ളിൽ ആലപ്പുഴയിൽ സംശയകരമായ സാഹചര്യത്തിൽ ഇറാനിയൻ പത്തേമാരി പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): 26.6.2015 മുതൽ കേരളതീരത്ത് സംശയാസ്പദമായ രീതിയിൽ വാർത്താവിനിമയം നടക്കുന്നതായി മൾട്ടി ഏജൻസി സെന്ററും (MAC) റോ (RAW)യും നൽകിയ

മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ തീരദേശ സംരക്ഷണ സേന നടത്തിയ പരിശോധനയിൽ ഇന്ത്യൻ സമുദ്രാതിർത്തി ലംഘിച്ച എഫ്.ഇ. ബറൂക്ക എന്ന മത്സ്യബന്ധന ബോട്ട് പിടിച്ചെടുത്ത് വിഴിഞ്ഞം തുറമുഖത്ത് അടുപ്പിക്കുകയും ബോട്ടിലുണ്ടായിരുന്ന 12 പേരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു. ഇതിൽ ഏഴുപേർ ഇറാൻ സ്വദേശികളും 5 പേർ ബലൂചിസ്ഥാൻകാരുമാണെന്ന് വ്യക്തമായിട്ടുണ്ട്. പ്രതികളെ നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി പോലീസിന് കൈമാറിയിട്ടുണ്ട്. മത്സ്യബന്ധന ഉപകരണങ്ങളൊന്നും ബോട്ടിൽനിന്നും കണ്ടെത്തിയിട്ടില്ല. എന്നാൽ സാറ്റലൈറ്റ് ഫോൺ, ടാബ്‌ലറ്റ് കമ്പ്യൂട്ടർ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങളും പാകിസ്ഥാൻ ഐഡന്റിറ്റി കാർഡും ലഭിച്ചിട്ടുണ്ട്. വിശദമായ ചോദ്യം ചെയ്യൽ തുടർന്നുകൊണ്ടിരിക്കുന്നു. കേന്ദ്ര-സംസ്ഥാന ഇന്റലിജൻസ് വിഭാഗങ്ങൾ സംയുക്തമായി വിവരങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. കേസ് നാഷണൽ ഏജൻസിയായ എൻ.ഐ.എ. അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന ആഭ്യന്തര സെക്രട്ടറി കേന്ദ്ര ആഭ്യന്തര സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ തീരദേശ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## (6) 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: പേരാമ്പ്ര 33 കെ.വി. സബ്സ്റ്റേഷന്റെയും സബ്സ്റ്റേഷനിലേയ്ക്കുള്ള 33 കെ.വി. ലൈനിന്റെയും നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പേരാമ്പ്രയിലെ 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചില സാങ്കേതിക തടസങ്ങൾ നേരിട്ടതിനാലും കോൺട്രാക്റ്റർ ഷെഡ്യൂൾ ഓഫ് റേറ്റ്സ് മാറ്റണമെന്ന് ആവശ്യപ്പെട്ടതിനാലും ടി പ്രവൃത്തി നീണ്ടുപോകാൻ കാരണമായെങ്കിലും 2016 മർച്ച് 31-ന മുമ്പ് പണി പൂർത്തീകരിക്കുന്നതാണ്.

## (7) സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കൽ

ശ്രീ. റ്റി. യു. കുരുവിള: കോതമംഗലം തടി ഡിപ്പോ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം മുനിസിപ്പാലിറ്റിക്കും വനം വകുപ്പിനും നൽകിയതിനുശേഷം ബാക്കിവരുന്ന സ്ഥലം റവന്യൂവകുപ്പിന്റെ അധീനതയിൽ നിലനിർത്തുന്നത് സംബന്ധിച്ച് ഗ്രീൻ ട്രിബ്യൂണലിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോതമംഗലം മുനിസിപ്പാലിറ്റിയുടെ വികസനാർത്ഥം വനം വകുപ്പിന്റെ കൈവശമുള്ളതും റവന്യൂ

പുറമ്പോക്കായി രേഖപ്പെടുത്തിയതുമായ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവ് വനം വകുപ്പ് വിസമ്മതിച്ചതിനെത്തുടർന്ന് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന തടി ഡിപ്പോ മാറ്റി സ്ഥാപിക്കുന്നതിനും കോതമംഗലം മുനിസിപ്പാലിറ്റിക്ക് ലഭ്യമാകേണ്ട ഭൂമി വിട്ടുകൊടുക്കുന്നതിനും കഴിയുന്ന തരത്തിൽ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിന് വനം വകുപ്പും ലാ സെക്രട്ടറിയുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

## (8) കയ്പമംഗലം തീരദേശ മേഖല സംരക്ഷിക്കൽ

ശ്രീ. വി. എസ്. സുനിൽ കുമാർ: കയ്പമംഗലം നിയോജകമണ്ഡലത്തിൽ കടലാക്രമണം നേരിടുന്ന തീരദേശമേഖലകളിൽ കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കയ്പമംഗലം നിയോജകമണ്ഡലത്തിന്റെ പടിഞ്ഞാറുഭാഗത്തെ തീരദേശമേഖലയിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനാവശ്യമായ പഠനം നടത്തുന്നതിന് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷന് 42 ലക്ഷം രൂപ അനുവദിച്ചെങ്കിലും പഠനം പൂർത്തീകരിച്ചിട്ടില്ല. തൃശ്ശൂർ ജില്ലയിൽ കടലാക്രമണം

തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി പതിമൂന്നാം ധനകാര്യ കമ്മീഷൻ 914 ലക്ഷം രൂപ അനുവദിക്കുകയും ടി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. കടലാക്രമണമുണ്ടായ പ്രദേശവാസികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 25 ലക്ഷം രൂപ അനുവദിക്കാനും കടൽ ഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിക്കുന്നതു സംബന്ധിച്ച പഠനം നടത്തുന്നതിനായി ഐ.ഐ.റ്റി-ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (9) മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. പി. തിലോത്തമൻ: ചേർത്തല നിയോജകമണ്ഡലത്തിലെ മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനും 24 മണിക്കൂറും ഡോക്ടർമാരുൾപ്പെടെ സേവനം ഉറപ്പുവരുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മുഹമ്മ സി.എച്ച്.സി.യിൽ നിലവിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 23-ഉം ഒ.പി. 450-ഉം ഐ.പി. 18-ഉം ആണ്. അഞ്ച് ഡോക്ടർമാരുൾപ്പെടെ 33 തസ്തികകൾ അനുവദിച്ചിട്ടുള്ളതിനു പുറമെ എൻ.ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരുടെയും രണ്ട് സ്റ്റാഫ് നഴ്സുമാരുടെയും സേവനവും ഐ.പി. വിഭാഗത്തിൽ

ഓൺകാൾ ഡ്യൂട്ടിക്കായി ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെനിന്നും പത്ത് കിലോമീറ്റർ ദൂരപരിധിയിൽ ചേർത്തല താലൂക്കാശുപത്രിയും പന്ത്രണ്ട് കിലോമീറ്റർ ദൂരപരിധിയിൽ ആലപ്പുഴ ജനറൽ ആശുപത്രിയും പ്രവർത്തിച്ചുവരുന്നതിനാൽ മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്തേണ്ടതില്ലെന്ന റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. ഓരോ ബ്ലോക്ക് പഞ്ചായത്തിലും സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയുടെ ഭാഗമായി മുഹമ്മ സി.എച്ച്.സി.യെ തെരഞ്ഞെടുത്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത്

റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം, അക്ഷയ പദ്ധതി എന്നിവ സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

ഹർജികൾ സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് അംഗീകരിച്ചു.

## പ്രത്യേക പരാമർശം

ശ്രീ. വി. എസ്. സുനിൽകുമാർ: 01-07-2015-ലെ 115-ാം നമ്പർ സ്റ്റാർഡ് ചോദ്യത്തിന്റെ 'എ' പിരിവിൽ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ വസ്തുതാവിരുദ്ധമായ മറുപടി നൽകിയതുസംബന്ധിച്ച് ചട്ടം 157 അനുസരിച്ച്

അവകാശ ലംഘന പ്രശ്നമായി അവതരിപ്പിക്കുന്നതിന് അവസരം നൽകണം.

മി. സ്പീക്കർ: ചട്ടം 157 അനുസരിച്ച് അവകാശലംഘന പ്രശ്നം അവതരിപ്പിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് ഉത്തരത്തിലെ പിഴവ് തിരുത്താനുള്ള അവസരം നൽകേണ്ടതുണ്ട്. ഇക്കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കൈമാറി അദ്ദേഹത്തിന്റെ വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് അതിന്മേൽ തീരുമാനമെടുക്കുമെന്നതിനാൽ ടി വിഷയം ഇപ്പോൾ സഭയിൽ ഉന്നയിക്കുവാനുള്ള അനുമതി നിഷേധിക്കുന്നു.

## ധനകാര്യം

### 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XIV | - | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും (244,64,45,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XXIX | - | കൃഷി (1825,01,49,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XXXI | - | മൃഗസംരക്ഷണം |

(387,63,45,000 രൂപ)

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത്
(3182,63,64,000 രൂപ)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

## അറിയിപ്പ്

മി. സ്പീക്കർ: കാര്യോപദേശക സമിതി ഇന്നലെ ചർച്ച ചെയ്ത ഒരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിയമസഭ രാവിലെ 8.30 മുതൽ 1.30 വരെയാണ് കൂടേണ്ട സമയം. ഒന്നര മണി എന്നുള്ളത് മൂന്നു മണിവരെ

യാകുന്നതിൽ തെറ്റില്ല. അതിൽക്കൂടുതൽ വൈകുന്നത് ശരിയല്ല. അതുകൊണ്ട് സമയം സ്വയം നിയന്ത്രിക്കണം.

ശ്രീ. സി. കെ. സദാശിവൻ: ഇൻഡ്യൻ കാർഷിക മേഖല ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കൃഷിക്കാരോട് യാതൊരു പ്രതിബദ്ധതയുമില്ലാത്ത ഗവൺമെന്റാണിത്. സബ്സിഡികൾ വെട്ടിക്കുറച്ചും രാസവളങ്ങൾക്ക് വില കൂട്ടാൻ കുത്തക കമ്പനികൾക്ക് അവസരമൊരുക്കിക്കൊടുത്തും കൃഷിക്കാരനെ കൊള്ളയടിക്കാനുള്ള അവസരം നൽകുമ്പോൾത്തന്നെ പ്രകൃതിക്ഷോഭം, വരൾച്ച, വിലയിടിവ് തുടങ്ങിയ കാര്യങ്ങൾ കൊണ്ട് കൃഷിക്കാരൻ നട്ടംതിരിയുകയാണ്. അവരിൽ നാൽപ്പത് ശതമാനവും കൃഷി ഉപേക്ഷിച്ച് മറ്റ് തൊഴിലുകൾ തേടി പോകുകയാണ്. സർക്കാരിന്റെ അനാസ്ഥമൂലം കടക്കെണിയിൽപ്പെട്ട് കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയാണ്. കൃഷിക്കാരോട് നീതിപുലർത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കഴിയുന്നില്ല. റബ്ബറിന് 150 രൂപ സംഭരണവില പ്രഖ്യാപിച്ചെങ്കിലും അത് നടപ്പാക്കിയിട്ടില്ല. കേരളത്തിലെ നെൽപ്പാടങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു. 12 ശതമാനം ഭക്ഷ്യധാന്യം മാത്രമേ കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ. 2008-ൽ നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ നെൽകൃഷി നീർത്തട സംരക്ഷണ നിയമം നടപ്പിലാക്കണം. നെൽപ്പാടങ്ങളെല്ലാം കരഭൂമിയായി മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു.

പ്രാദേശിക സമിതികൾക്ക് നേതൃത്വം കൊടുക്കേണ്ട കൃഷി വകുപ്പ് ഉദ്യോഗസ്ഥനും വില്ലേജ് ആഫീസറും പഞ്ചായത്ത് സെക്രട്ടറിയുമെല്ലാം നെൽപ്പാടങ്ങൾ നികത്തുന്ന മാഫിയാ സംഘങ്ങൾക്ക് കൂട്ടുനിൽക്കുന്ന അവസ്ഥയാണ് കേരളത്തിലുള്ളത്. 15 വർഷം കഴിഞ്ഞാൽ പാലക്കാട് ഒരു സെന്റ് നെൽപ്പാടം പോലും ബാക്കിയുണ്ടാകില്ല. നാളികേര ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും കേരളം പിന്നോട്ടുപോയിരിക്കുന്നു. കാറ്റുവീഴ്ചയും മണ്ഡരിബാധയും നാളികേര കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും വില ലഭിക്കാതെ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇടുക്കി, കുട്ടനാട് പാക്കേജുകൾ നടപ്പാക്കിയിട്ടില്ല. തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും എ.സി. കനാലിന്റെയും നിർമ്മാണം മന്ദഗതിയിലാണ്. ഓണാട്ടുകരയിൽ ജലനിർഗ്ഗമന പദ്ധതിക്കായി അനുവദിച്ച മുഴുവൻ പണവും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കുട്ടനാട്ടുമായിച്ചേർന്ന് പുതിയ പാക്കേജുകൾ പ്രഖ്യാപിക്കണം. പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. കരാറുകാരുടെ കുടിശ്ശിക കൊടുത്ത് തീർക്കാനോ എം.എൽ.എ. മാരുടെ മണ്ഡല വികസന ഫണ്ട് വിനിയോഗിക്കാനോ സാധിച്ചിട്ടില്ല. കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രവും കരാറുകാർ ഉപേക്ഷിച്ച പത്തിയൂർ ഗ്രാമപഞ്ചായത്തിലെ ആയുർവ്വേദ

ആശുപത്രിക്കെട്ടിടത്തിന്റെ പണിയും പൂർത്തിയാക്കണം. പൊട്ടിപ്പൊളിഞ്ഞ ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിന് പി.ഡബ്ല്യൂ.ഡി തയ്യാറാകണം. നിലവിലുള്ള പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ ഡി.എം. ആന്റ് ഡി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തണം. പി.ഡബ്ല്യൂ.ഡി. കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിക്കണം.

ശ്രീ. പാലോട് രവി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ കാർഷിക മേഖലയുടെ ഉൽപ്പാദനക്ഷമതയിൽ പുരോഗതി കൈവരിക്കാൻ കൃഷി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. അഞ്ചിന കർമ്മപരിപാടി നടപ്പിലാക്കിയതിലൂടെ കാർഷിക മേഖലയിൽ ഉണർവ്വുണ്ടാക്കാൻ കഴിഞ്ഞു. സർക്കാർ ഉടമസ്ഥതയിലുള്ള ഹോർട്ടികോർപ്പ്, സ്റ്റേറ്റ് ഹോർട്ടിമിഷൻ എന്നിവിടങ്ങളിൽനിന്ന് പച്ചക്കറികളും പഴവർഗ്ഗങ്ങളും വാങ്ങുന്നതിൽ വിമുഖത കാണിക്കുന്നതിന് ഒരു പരിഹാരമുണ്ടാക്കാൻ കർഷകർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിക്കാൻ ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകണം. എല്ലാ നിയോജകമണ്ഡലങ്ങളിലും ഹോർട്ടികോർപ്പിന്റെ സംഭരണ വിതരണകേന്ദ്രം ആരംഭിക്കുന്നതിനും ഈ സാമ്പത്തിക വർഷംതന്നെ നെടുമങ്ങാട് അഗ്രിമാൾ തുടങ്ങുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. പച്ചക്കറികളിലെ വ്യാപകമായ കീടനാശിനി പ്രയോഗം പരിഹരിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ പച്ചക്കറി ഗുണമേൻമാ പരിശോധന യൂണിറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. 40 വർഷമായിട്ടും

ഗവൺമെന്റ് പ്രസ്സിന്റെ സ്പെഷ്യൽ റൂൾ അമെന്റ് ചെയ്യാൻ കഴിയാത്തതുകൊണ്ട് ജീവനക്കാരുടെയിടയിൽ സ്റ്റാഗ്നേഷൻ നിലനിൽക്കുകയാണ്. അച്ചടിക്കുന്നതിന് എല്ലാ സംവിധാനങ്ങളുമുള്ള ഗവൺമെന്റ് പ്രസ്സിൽ പാഠപുസ്തകങ്ങളുടെ അച്ചടി ഏൽപ്പിക്കണം. കേരളത്തിന്റെ ചരിത്രത്തിൽ ഒരു ഗവൺമെന്റിനും സാധിക്കാത്ത മാതൃകാപരമായ പ്രവർത്തനമാണ് റോഡുകളുടെ നവീകരണത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. നെടുമങ്ങാടുനിന്ന് വലിയമലയിലേയ്ക്ക് പോകുന്ന റോഡ് പുനരുദ്ധരിക്കുന്നതിനും എം.സി. റോഡിന് സമാന്തരമായ റോഡ് നവീകരിക്കുന്നതിനും സമയബന്ധിതമായി വാളിക്കോട് പാലത്തിന്റെ പണി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. ഫയർ ഫോഴ്സിന്റെ അടിസ്ഥാന സൗകര്യങ്ങളും എക്വിപ്മെന്റ്സും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള 175 കോടി രൂപയുടെ പ്രൊപ്പോസൽ അനുവദിക്കണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: നെൽകൃഷിയുടെയും മത്സ്യകൃഷിയുടെയും സമഗ്രവികസനത്തിനുതകുന്ന രീതിയിൽ കുട്ടനാടിനെ ഒരു കാർഷിക ജില്ലയാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് സഹായകരമായ രീതിയിൽ കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കണം. സ്വാമിനാഥൻ കമ്മീഷൻ, കൃഷ്ണൻകുട്ടി കമ്മീഷൻ റിപ്പോർട്ടുകളിലെ ശിപാർശകൾക്കനുസരിച്ച് കർഷകർക്ക്

ശമ്പളം നൽകുന്നതിനും കാർഷികോല്പന്നങ്ങളുടെ വിലയുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനും ലാഭവിഹിതം നൽകുന്നതിനും നടപടി സ്വീകരിക്കണം. നെൽവയൽ നീർത്തട സംരക്ഷണ നിയമം കൃത്യമായി നടപ്പാക്കുന്നതിന് കൃഷിവകുപ്പ് മുൻകയ്യെടുക്കണം.

ശ്രീ. സി. മോയിൻകുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 7600 കി.മീ. റോഡുകളും 157 പാലങ്ങളും 1500-ഓളം പി.ഡബ്ല്യൂ.ഡി. കെട്ടിടങ്ങളും യാഥാർത്ഥ്യമാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ബൈപ്പാസുകൾ നിർമ്മിക്കുന്നതിനും 400 ദിവസം കൊണ്ട് 100 പാലങ്ങളുടെ പണി പൂർത്തീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ശബരിമലയിലേയ്ക്കുള്ള മുഴുവൻ റോഡുകളും ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. 10,700 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് സംസ്ഥാനത്തുടനീളം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കർഷക രജിസ്ട്രേഷൻ പദ്ധതിയുടെ ഭാഗമായി 18 ലക്ഷം കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. അറുപത് വയസ് കഴിഞ്ഞ മുഴുവൻ കർഷകർക്കും പ്രതിമാസം 600 രൂപ വീതം പെൻഷൻ നൽകിവരുന്നുണ്ട്. 2500-ഓളം സ്കൂളുകളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തുടനീളം ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരികയാണ്. എല്ലാ മണ്ഡലങ്ങളിലും 'നിറവ് പദ്ധതി' ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

നാളീകേരത്തിന്റെ താങ്ങുവില 12 രൂപയിൽ നിന്നും 32 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും തെങ്ങുകയറ്റ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനും സബ്സിഡി നിരക്കിൽ യന്ത്രം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. 10 ലക്ഷത്തിൽപ്പരം കുറിയ തെങ്ങിൻതൈകൾ സംസ്ഥാനത്തുടനീളം വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും 760 കോടി രൂപയുടെ ധനസഹായവും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ കോടിക്കണക്കിന് രൂപയുടെ ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. സ്റ്റാർട്ട് അപ്പ് വില്ലേജുകളും കൊള്ളപ്പലിശക്കാരിൽ നിന്നും പാവപ്പെട്ട ജനങ്ങളെ സംരക്ഷിക്കാൻ 'ഓപ്പറേഷൻ കുബേര' പോലുള്ള പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. ഗ്രീൻ ബിൽഡിംഗ് പോളിസി ഈ ഗവൺമെന്റിന്റെ പ്രധാന നേട്ടമാണ്. കോന്നി പിൽഗ്രിം സെന്ററിനായി 13 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വയനാട് ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനും കാലവർഷക്കെടുതി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം കൃത്യമായി ലഭ്യമാക്കുന്നതിനും തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. നീരയുടെ ഉല്പാദനം വ്യാപകമാക്കുന്നതിനും മാർക്കറ്റിംഗ് വിപുലമാക്കുന്നതിനും കഴിയണം. മാരകവിഷമുള്ള കീടനാശിനികളെ ഉറവിടത്തിൽ തന്നെ നശിപ്പിക്കുന്നതിന് സാധിക്കണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് റോഡുകളുടെ നിർമ്മാണത്തിൽ പുരോഗതിയുണ്ടാകുന്നില്ല. റോഡ് ഡെവലപ്മെന്റ് പോളിസിയുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലത്ത് രൂപീകരിച്ച ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിരിക്കുകയാണ്. റോഡുവികസനത്തിനായി പുതുതായി ഒരിഞ്ചു ഭൂമി പോലും ഏറ്റെടുക്കാൻ സർക്കാരിന് സാധിക്കുന്നില്ല. കുടിശ്ശികയുള്ളതുകാരണം പുതിയ പണികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. കാലടി ശ്രീശങ്കരാപാലത്തിന്റെ പുനർനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടും അലൈൻമെന്റ് തയ്യാറാക്കുന്നതിന് നാളിതുവരെ നടപടിയുണ്ടായിട്ടില്ല. നെല്ലിന്റെ സംഭരണവില കർഷകർക്ക് നൽകുന്നതിനും സർക്കാർ അംഗീകരിച്ച കെ. കൃഷ്ണൻകുട്ടികമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം. കുട്ടനാട്, ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. കൃഷിഭൂമി ഏറ്റെടുക്കുന്നതും ചെറുകിട കർഷകർക്കുള്ള വായ്പാ സബ്സിഡി നിർത്തലാക്കുന്നതും സംബന്ധിച്ച കേന്ദ്ര സർക്കാർ തീരുമാനങ്ങൾ ഗൗരവത്തിലെടുക്കണം.

<u>ശ്രീ. സി. എഫ്. തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റോഡുകളുടെ നിർമ്മാണത്തിൽ റിക്കാർഡ് പുരോഗതിയാണ് ഈ സർക്കാരിന്റെ കാലത്തുണ്ടായിരിക്കുന്നത്. പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്ക്കരിക്കുന്നതിനും

മുടങ്ങിക്കിടന്ന നിരവധി എൻ.എച്ച്. ബൈപ്പാസ്സുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ചേർത്ത റോഡുകളും റബ്ബറൈസ്ഡ് റോഡുകളും പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കാൻ തീരുമാനിച്ച നടപടി അഭിനന്ദനാർഹമാണ്. ഇത്തരം റോഡുകളിൽ ഉപയോഗിക്കപ്പെടുന്ന റബ്ബറിന്റെയും പ്ലാസ്റ്റിക്കിന്റെയും അളവ് വർദ്ധിപ്പിക്കുന്നതിന് നടപടിയുണ്ടാകണം. റബ്ബർ സംഭരണത്തിന് കേന്ദ്രത്തിന്റെ വിലസ്ഥിരത ഫണ്ടിൽ നിന്നുള്ള തുക കൂടി ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകണം. കുട്ടനാട് പാക്കേജിലെ അപാകത പരിഹരിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണം. അഗ്രോ സർവ്വീസ് സെന്ററുകളുടെ സേവനം കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനും കൃഷി ഭവനുകളുടെ കീഴിൽ തൊഴിൽസേന, കർമ്മസേന എന്നിവ ശക്തിപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. കേരസമൃദ്ധി പദ്ധതിയും നീരയുടെ വിപണനവും കേര കർഷകർക്ക് വലിയ പ്രതീക്ഷ നൽകിയിരിക്കുകയാണ്. കർഷകർക്കാശ്വാസമായ രീതിയിൽ കാർഷികനയം കൊണ്ടുവരുന്നതിനും ജൈവ കൃഷി കേരളത്തത്തിൽ വ്യാപകമാക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. പി. എ. മാധവൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കർഷകർക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്നതാണ് ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ.

അറുപത് വയസ്സ് പൂർത്തിയായ കൃഷിക്കാർക്കുവേണ്ടി നടപ്പിലാക്കുന്ന കർഷക പെൻഷൻ പദ്ധതി പ്രശംസനീയമാണ്. തൃശ്ശൂർ ജില്ലയിലെ കോൾ വികസന പാക്കേജ് സ്തംഭനാവസ്ഥയിലാണ്. പച്ചത്തേങ്ങ സംഭരണത്തിൽ കേരളം മുന്നോട്ടുപോയിരിക്കുകയാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള 'നിറവ്' പദ്ധതി വിപുലീകരിക്കാനുള്ള നടപടി സ്വീകരിക്കണം. നീര ഉൽപ്പാദനം തെങ്ങ് കൃഷിക്കാർക്ക് ഏറെ പ്രത്യാശ നൽകുന്നതാണ്. കുളമ്പുരോഗം വന്ന് നഷ്ടത്തിലായ ക്ഷീരകർഷർക്കുള്ള ആനുകൂല്യങ്ങൾ ഇതുവരെ വിതരണം ചെയ്തിട്ടില്ല. മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി ബ്ലോക്കിൽ വെറ്ററിനറി പോളി ക്ലിനിക് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. ഗുരുവായൂർ ക്ഷേത്രത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ചൂണ്ടലിൽ നിന്ന് ഗുരുവായൂർ വരെയുള്ള നാലുവരിപാതയുടെ വികസനം എത്രയും വേഗം നടപ്പിലാക്കണം.

<u>ശ്രീമതി കെ. എസ്. സലീഖ</u>: സംസ്ഥാനത്തെ റോഡുകളുടെ അവസ്ഥ ശോചനീയമാണ്. പി.ഡബ്ല്യൂ.ഡി മാന്വൽ പരിഷ്ക്കരണത്തിൽ അപാകതകൾ നിലനിൽക്കുന്നുണ്ട്. കോൺട്രാക്റ്റർമാരുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. പതിമൂന്നാം ധനകാര്യ കമ്മീഷനിലൂടെ ലഭ്യമായിട്ടുള്ള സംഖ്യ പി.ഡബ്ല്യൂ.ഡി റോഡ് മെയിന്റനൻസിനുവേണ്ടിയാണോ ഉപയോഗിച്ചതെന്ന് പരിശോധിക്കണം. പാലക്കാട്-പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയുടെ

ശോചനീയാവസ്ഥ പരിഹരിക്കണം. പാലക്കാട് ജില്ലയിലെ പി.ഡബ്ല്യൂ.ഡി റെസ്റ്റ്ഹൗസ് താമസയോഗ്യമാക്കണം. കാർഷിക മേഖലയിലെ കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനോ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള ആനുകൂല്യം യഥാസമയം വിതരണം ചെയ്യാനോ സർക്കാരിന് സാധിക്കുന്നില്ല. അഗ്രി കാർഡ് വിതരണം നിലച്ചതുമൂലം കർഷകർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല. സർക്കാർ മേഖലയിലുള്ള പ്രസ്സുകളെ ആധുനികവൽക്കരിക്കുന്നതിനും ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. സാമൂഹിക ഉത്തരവാദിത്വവും ധാർമ്മികബോധവും നഷ്ടപ്പെട്ട ഈ സർക്കാർ ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. വർക്കല കഹാർ: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ജനസമ്പർക്ക പരിപാടിയിലൂടെ ജനോപകാരപ്രദമായ ഒട്ടേറെ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പാക്കാൻ സർക്കാരിന് സാധിച്ചു. പച്ചക്കറി ഉല്പാദന രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനുള്ള കർമ്മ പദ്ധതികളുമായി മുന്നോട്ടുപോകുന്നതും നെല്ലിന്റെ താങ്ങുവില 19 രൂപയാക്കി വർദ്ധിപ്പിച്ചതും അഭിനന്ദനാർഹമാണ്. പദ്ധതി വിഹിതത്തിന്റെ 300 ശതമാനം അധികം ചെലവഴിച്ചുകൊണ്ട് അടിസ്ഥാന സൗകര്യമേഖലയിൽ അത്ഭുതപൂർവ്വമായ പ്രവർത്തനങ്ങളാണ് പൊതുമരാമത്ത് വകുപ്പ് കാഴ്ചവയ്ക്കുന്നത്.

പി.ഡബ്ല്യു.ഡി. മാന്വൽ കാലോചിതമായി പരിഷ്കരിക്കരിച്ച നടപടി പ്രശംസനീയമാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, തലശ്ശേരി-മാഹി ബൈപ്പാസുകൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികളും 'സ്പീഡ് കേരള' പദ്ധതിയും പുരോഗമിക്കുകയാണ്. ശബരിമലയിൽ 60 കോടി രൂപയുടെ ഹെവി മെയിന്റനൻസ് നടപ്പാക്കിയതും 11 കോടി രൂപയുടെ പിൽഗ്രിം സെന്റർ യാഥാർത്ഥ്യമാക്കിയതും പ്രകീർത്തിക്കപ്പെടേണ്ടതാണ്. തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി യാഥാർത്ഥ്യമാകാൻ പോകുകയാണ്. ഹരിത നിർമ്മാണ നയം നടപ്പാക്കിയ സർക്കാരിന്റെ നടപടി അഭിനന്ദനാർഹമാണ്. ടെണ്ടറും ഭരണാനുമതിയും ലഭിക്കുന്നതിന് താമസം വരുന്നതിനാൽ റീ ടെണ്ടർ ചെയ്യുന്നതുമൂലം സർക്കാരിനുണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കാനായി ടെണ്ടർ ചെയ്യുന്ന അതോറിറ്റിക്ക് നിശ്ചിത ശതമാനം തുക കൂടുതൽ നൽകാൻ അധികാരം നൽകണം. നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഒരു ഏജൻസിയെ നിയോഗിക്കണം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: ആഗോളവൽക്കരണവും സർക്കാരിന്റെ കർഷക വിരുദ്ധ നയങ്ങളും കാരണം കേരളത്തിന്റെ കാർഷിക മേഖല തകർച്ചയുടെ വക്കിലാണ്. കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനുള്ള യാതൊരു നടപടിയും സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. കർഷകർ ഉൽപാദിപ്പിക്കുന്ന

ഉൽപന്നങ്ങളുടെ വില കർഷകർക്കുതന്നെ നിശ്ചയിക്കാനുള്ള അവകാശം നൽകണം. അവശ്യ സാധനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനോ നെല്ലിന്റെ സംഭരണ വില ഉയർത്തുന്നതിനോ 'നീര'-ഉല്പാദനം വർദ്ധിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുന്നില്ല. റബ്ബറിന്റെ വിലയിടിവുമൂലം റബ്ബർ കർഷകർ ആത്മഹത്യയുടെ വക്കിലാണ്. വി.എഫ്.പി.സി.കെ. ഇന്ന് നാഥനില്ലാത്ത അവസ്ഥയിലാണ്. കാർഷിക മേഖലയിൽ നൂതന ആശയം നടപ്പിലാക്കുന്നതിനോ ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുന്നില്ല. കർഷക ക്ഷേമത്തിനും കാർഷിക രംഗത്തിന്റെ വളർച്ചയ്ക്കുമായി കർഷക ക്ഷേമ ബോർഡ് രൂപീകരിക്കണം. ഭവന പദ്ധതികൾ നിർത്തലാക്കിയും കെ.എസ്.ആർ.ടി.സി. ജീവനക്കാരെ ദുരിതത്തിലാക്കിയും പൊതുമേഖലയെ തകർത്തും നിയമന നിരോധനം കൊണ്ടുവന്നും വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി പാഠപുസ്തക വിതരണം നടത്താതെയും കേരളജനതയെ ദ്രോഹിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് വർഷത്തിനിടയിൽ കേരള ചരിത്രത്തിലാദ്യമായി സമസ്ത മേഖലകളിലും വികസന മുന്നേറ്റം നടന്നിട്ടുണ്ടെന്ന യാഥാർത്ഥ്യം അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വിപ്ലവകരമായ

മുന്നേറ്റമാണ് നടത്താൻ കഴിഞ്ഞത്. ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുകയും 177 പാലങ്ങളുടെ പണി പൂർത്തിയാക്കുകയും ചെയ്തു. താമരശ്ശേരി, കൊടുവള്ളി ടൗണുകളിലെ ബൈപ്പാസ് നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ഗ്രാമപ്രദേശങ്ങളിലെ നിരവധി റോഡുകൾ പൂർത്തിയാക്കാനും 8570 റോഡുകൾ മേജർ ഡിസ്ട്രിക്ട് റോഡുകളാക്കി മാറ്റാനും ഇ-ടെണ്ടർ, ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കാനും ആശ്വാസ് കമ്പനികൾ രൂപീകരിച്ച് യാത്രാ സൗകര്യം മെച്ചപ്പെടുത്താനും സാധിച്ചു. സ്വയംപര്യാപ്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള കൃഷിവകുപ്പിന്റെ പ്രവർത്തനം പ്രശംസനീയമാണ്. പച്ചക്കറികൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. ജനങ്ങൾക്ക് അവബോധം നൽകി കൃഷിരീതികൾ കൂടുതൽ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള ശ്രമം അഭിനന്ദനാർഹമാണ്. ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാനും വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദഗ്ദ്ധ തൊഴിലാളികളുടെ അപര്യാപ്തത പരിഹരിക്കാൻ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കാനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. നാളികേരത്തിന്റെ താങ്ങുവില നിലനിർത്താനും നാളികേര കർഷകർക്ക് മതിയായ വില

ലഭിക്കാനുമാവശ്യമായ ക്രമീകരണമുണ്ടാകണം. 'നീര' ഉല്പാദനം വർദ്ധിപ്പിച്ച് നാളികേര കർഷകരെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം.

ശ്രീ. കെ. അജിത്: നീർത്തടങ്ങൾ നികത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ സർക്കാർ നിസ്സംഗത പാലിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന വിഷലിപ്തമായ പച്ചക്കറികൾ പരിശോധിക്കപ്പെടാനോ നിയന്ത്രിക്കപ്പെടാനോ യാതൊരു സംവിധാനവുമില്ല. പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഏറ്റെടുത്ത് ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കാനായി ഉപയോഗപ്പെടുത്തണം. നെല്ല് സംഭരണ വില യഥാസമയം നൽകാനുള്ള നടപടിയുണ്ടാകണം. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് മരവിപ്പിച്ച നടപടി പരിശോധിക്കണം. കുണ്ടന്നൂർ, വൈറ്റില, ആലപ്പുഴ ബൈപ്പാസ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനും കരാറുകാരുടെ കുടിശ്ശികത്തുക കൊടുത്തുതീർക്കാനും നടപടിയുണ്ടാകണം. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടത്തുന്ന ക്രമക്കേടുകൾ അന്വേഷിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഡ്ജറ്റിൽ അനുവദിച്ച തുക മുഴുവൻ ഫലപ്രദമായി ചെലവഴിച്ചതിനുള്ള പ്ലാനിംഗ് ബോർഡിന്റെ അവാർഡുകൾ കരസ്ഥമാക്കിയ പൊതുമരാമത്ത്, കൃഷി

വകുപ്പുമന്ത്രിമാരെ അഭിനന്ദിക്കുന്നു. തരിശുനിലങ്ങൾ ഉപയോഗപ്പെടുത്തി നെല്ലുല്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതി സംസ്ഥാനത്തുടനീളം ആവിഷ്കരിച്ച് നടപ്പിലാക്കണം. തമിഴ്നാട്ടിൽനിന്നും വിഷമയമായ പച്ചക്കറികൾ കൊണ്ടുവരുന്നതിനെതിരെ സ്വീകരിച്ച നടപടി ആശാവഹമാണ്. ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും വിഷമയമില്ലാത്ത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനുമുള്ള കൂടുതൽ ഇടപെടലുകൾ നടത്തണം. പോളീഹൗസുകളുടെ പ്രവർത്തനത്തിലെ പോരായ്മകളും പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരുടെ അഭാവവും പരിഹരിക്കാൻ നടപടിയുണ്ടാകണം. കൃഷി വകുപ്പിനുകീഴിൽ ജൈവ പച്ചക്കറികളുടെ ഫലപ്രദമായ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്താനുള്ള ബൃഹത് പദ്ധതിക്ക് രൂപം നൽകണം. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതി ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ട്. പ്രധാനപ്പെട്ട ബൈപ്പാസ്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാരംഭം കുറിച്ച നടപടി ശ്ലാഘനീയമാണ്. ഹിൽ ഹൈവേ, കോസ്റ്റൽ ഹൈവേ എന്നിവ യാഥാർത്ഥ്യമാക്കിക്കൊണ്ട് റോഡുകളുടെ കണക്ടിവിറ്റിയും തലസ്ഥാന നഗരിയിലെ ഗതാഗത സംവിധാനവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. പുനലൂർ-മൂവാറ്റുപുഴ പാതയുടെ സ്ഥലമേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തണം. പ്രതിപക്ഷത്തിന് രാഷ്ട്രീയമായ ആരോപണങ്ങൾ ഉന്നയിക്കുന്നതിനുള്ള ധാർമ്മിക അവകാശമുണ്ടോയെന്ന് വിലയിരുത്തണം.

വിവാദങ്ങളിൽപ്പെട്ട് നട്ടംതിരിയുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയസമീപനങ്ങൾക്കെതിരെ ശക്തമായ നിലപാടുകളാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. എ. എം. ആരിഫ്</u>: ചരിത്രത്തിൽ ആദ്യമായി ബഡ്ജറ്റ് അവതരണം കേവലം ആംഗ്യഭാഷയിലൂടെ നടത്തിയ യു.ഡി.എഫ്. ഗവൺമെന്റിന്റെ നടപടി പ്രതിഷേധാർഹമാണ്. അഴിമതി ആരോപണങ്ങളിൽ അകപ്പെട്ടിരിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിൽ ജനങ്ങൾക്കുള്ള അവിശ്വാസം ഉപതെരഞ്ഞെടുപ്പ് വിജയത്തിലൂടെ മാറ്റിയെടുക്കാൻ കഴിയില്ല. രാഷ്ട്രീയ കൊലപാതകങ്ങളിൽ കോൺഗ്രസ്സ് പ്രവർത്തകരും പ്രതികളാണ് എന്ന് സമീപകാല ചരിത്രം വ്യക്തമാക്കുന്നുണ്ട്. കരാറുകാർക്ക് പണം കൊടുക്കാത്തതുകൊണ്ട് പ്രവൃത്തികളൊന്നും ഏറ്റെടുക്കാത്തതിനാൽ റോഡുകളുടെ സ്ഥിതി ശോചനീയമാണ്. വില്ലേജ് റോഡുകൾ നന്നാക്കുന്നതിനായി പണം അനുവദിക്കുന്ന കാര്യത്തിൽ സ്വജന പക്ഷപാതമാണ് കാണിക്കുന്നത്. വെറ്ററിനറി സർവ്വകലാശാല വൈസ് ചാൻസലർക്ക് എന്തും ചെയ്യാനുള്ള അനുവാദം കൊടുത്തുകൊണ്ട് അഴിമതിക്ക് കൂട്ടുനിൽക്കുന്ന ഗവൺമെന്റ് നയങ്ങളെ ശക്തമായി എതിർക്കുന്നു.

(ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗം ബഹിഷ്കരിച്ച് പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ വിട്ട് പുറത്തുപോയി)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. 2010-12-ൽ അഗ്രികൾച്ചർ ഗ്രോത്ത് റേറ്റ് മൈനസ് ആയിരുന്നത് 2012-13 ആയപ്പോഴേയ്ക്കും 5.26 ആയി വർദ്ധിച്ചിരിക്കുകയാണ്. കാർഷിക മേഖലയിൽ ചെറുതും വലുതുമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, കൃഷി ഉദ്യോഗസ്ഥർ, എം.എൽ.എ.മാർ അടക്കമുള്ള ജനപ്രതിനിധികൾ തുടങ്ങിയവരുടെയെല്ലാം പ്രവർത്തനഫലമായാണ് ഈ നേട്ടം കൈവരിക്കാനായത്. കർഷക ആത്മഹത്യകൾ കുറഞ്ഞു. കൊയ്ത്തുമെതി യന്ത്രങ്ങൾ സൂക്ഷിക്കുന്നതിനായി പാടശേഖരസമിതികളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നു. കർഷകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഹെൽപ്പ് ഡസ്കുകൾ രൂപീകരിക്കുന്നതാണ്. ആറ് അഗ്രിമാളുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതോടൊപ്പം എല്ലാ പഞ്ചായത്തുകളിലും വെജിറ്റബിൾ മാർക്കറ്റുകളും 140 നിയോജകമണ്ഡലങ്ങളിലും ഓരോ വലിയ പച്ചക്കറി മാർക്കറ്റും തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. നീര ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 32 കോടി രൂപ നീക്കിവയ്ക്കുകയും 362 നാളികേര സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 173 എണ്ണത്തിന് ലൈസൻസ് നൽകുകയും ബാക്കിയുള്ളതിന് ഉടൻ ലഭ്യമാക്കുന്നതുമാണ്. ജൈവപച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും

വിതരണം ചെയ്യുന്നതിനുമായി പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കൃഷി ഓഫീസർ കൺവീനറുമായ ഗ്രാമസഭകൾക്ക് രൂപം നൽകിയിട്ടുണ്ട്. മൂവായിരത്തോളം വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സംസ്ഥാന കൃഷി വകുപ്പിനെ കേന്ദ്ര മേഖലാ ജൈവകൃഷി കേന്ദ്രത്തിന്റെ ഏജൻസിയാക്കുകവഴി ജൈവ ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാന്റായി വിപണനം നടത്തുവാനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ പാഠ്യപദ്ധതിയിൽ കൃഷിപാഠം ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി നടപടി സ്വീകരിക്കുന്നതാണ്. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നൽകികൊണ്ടിരുന്ന നഷ്ടപരിഹാരം പുന:സ്ഥാപിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ സഹായത്തോടെ കണ്ടിജൻസി പ്രോഗ്രാം ടു മീറ്റ് നാച്വറൽ കലാമിറ്റീസ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കുളമ്പുരോഗംമൂലം നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരത്തുക കൊടുത്തുതീർക്കുന്നതും കോഴിവളർത്തൽ കാർഷികവൃത്തിയായി അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. കേരള ലൈവ്സ്റ്റോക്ക് പോൾട്രി ഫീഡ് ആന്റ് ആനിമൽ മിനറൽ മിക്സ്ച്ചർ ഉൽപ്പാദന വിൽപ്പന നിയന്ത്രണ നിയമം നടപ്പിലാക്കുന്നതിലൂടെ

ഗുണനിലവാരമുള്ള കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ലഭ്യത ഉറപ്പുവരുത്തുകയും ഇതിനായി എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ലബോറട്ടറിയെ സജ്ജീകരിക്കുന്നതുമാണ്. പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സംസ്ഥാനത്തെ കന്നുകാലികൾക്കാവശ്യമുള്ള പ്രതിരോധമരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന ഫാർമസ്യൂട്ടിക്കൽ ഡിവിഷൻ ആരംഭിക്കുന്നതാണ്. ജൈവവളം ഉപയോഗിച്ച് കാർഷികോൽപ്പാദന രംഗത്ത് വൻ കുതിച്ചുചാട്ടം നടത്താൻ കേരളത്തിന് സാധിച്ചു. ഗവൺമെന്റ് പ്രസ്സ് ജീവനക്കാരുടെ പ്രൊമോഷന്റെ കാര്യത്തിൽ ഡിപ്ലോമ ഹോൾഡേഴ്സും സർട്ടിഫിക്കറ്റ് ഹോൾഡേഴ്സും തമ്മിലുള്ള റേഷ്യോയിൽ മാറ്റം വരുത്തുന്നതിനെപ്പറ്റി സബ്ജക്ട് കമ്മിറ്റി പരിശോധിച്ചതിനുശേഷം തീരുമാനമെടുക്കുന്നതാണ്. കേരസമൃദ്ധി പദ്ധതിയിലൂടെ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നമായ നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ സജ്ജീകരിക്കുകയും നാളികേര കർഷകരെ സഹായിക്കുകയും ചെയ്യുന്ന നടപടിയുമായി മുന്നോട്ടുപോവുകയാണ്. നാളികേരത്തിന്റെ താങ്ങുവില 25 രൂപയിൽ കുറയാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റിൽ മൂന്ന് സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകൾ ഉൾപ്പെടെ

പത്തനാപുരം, പീരുമേട്, കൊടുങ്ങല്ലൂർ, ഹരിപ്പാട്, വിതുര, വൈക്കം, കോന്നി, എരിമേലി, വേങ്ങര, പാനൂർ, വൈപ്പിൻ, ചവറ, തകഴി, അടിമാലി, നെയ്യാർഡാം എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുകയും വിവിധ ഫയർ സ്റ്റേഷനുകളിലായി 80 പുതിയ ഫയർ എഞ്ചിനുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുനില കെട്ടിടങ്ങൾ പണിയുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഫയർ ആന്റ് റെസ്ക്യൂ കമാന്റന്റ് ജനറൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പുന:പരിശോധിക്കുന്നതാണ്. അഗ്നിശമന ഉപകരണങ്ങൾ വാങ്ങുന്നതിനായി 175.64 കോടി രൂപയുടെ എമർജൻസി ഗ്രാന്റ് റിലീസ് ചെയ്യണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുകയും സ്കൈലിഫ്റ്റ് വാങ്ങുന്നതിനുള്ള ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുകയും, ആംബുലൻസ് - ജീപ്പ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 1233 ഫയർമാന്മാരുടെ ഒഴിവും എൻ.ജെ.ഡി.ഒഴിവും നികത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഫയർ സ്റ്റേഷനുകളുള്ള സ്ഥലങ്ങളിൽ അത്യാവശ്യമുള്ള ഉപകരണങ്ങൾ വാങ്ങാൻ ജനപ്രതിനിധികൾ അവരവരുടെ എം.എൽ.എ. ഫണ്ടിൽ നിന്നോ ആസ്തിവികസന ഫണ്ടിൽ നിന്നോ സഹായം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രത്യേക സാഹചര്യങ്ങളിൽ എയർ ആംബുലൻസ്, പ്രൈവറ്റ് ഹെലികോപ്റ്റർ തുടങ്ങിയ സർവ്വീസുകൾ ലഭ്യമാക്കുന്നതിനും പഴയ ആംബുലൻസുകൾ മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈരാറ്റുപേട്ടയിൽ പുതിയ വാട്ടർ ടാങ്കർ അനുവദിക്കുകയും മഞ്ചേരി ഫയർ സ്റ്റേഷൻ പ്രയോറിറ്റി ലിസ്റ്റിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടാങ്കർ ലോറികൾ അപകടത്തിൽപ്പെടുന്ന സാഹചര്യത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനാവശ്യമായ ഫയർ എഞ്ചിനുകൾ ഡിപ്പാർട്ടുമെന്റിനുണ്ടെങ്കിലും അപകടത്തിൽപ്പെടുന്ന എൽ.പി.ജി. മറ്റൊരു ടാങ്കിലേയ്ക്ക് മാറ്റുന്നതിനുള്ള സാങ്കേതിക വൈദഗ്ദ്ധ്യം നിലവിലില്ല. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനും സെൽഫ് ഫൈനാൻസിംഗ് കോഴ്സുകൾ ഫയർ അക്കാഡമിയിൽ ആരംഭിക്കുന്നതിനും കാട്ടുതീ നിയന്ത്രിക്കുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും സാറ്റലൈറ്റ് ഫയർ ഔട്ട്പോസ്റ്റ് ഉൾപ്പെടെയുള്ള സംവിധാനം ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി സേഫ്റ്റി സ്ക്വാഡ് രൂപീകരിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>): 2013-2014 വർഷത്തിൽ പ്ലാനിംഗ് ബോർഡ് ഏർപ്പെടുത്തിയ അവാർഡുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ് വിഭാഗത്തിന് ഒന്നാം സ്ഥാനവും കെട്ടിട വിഭാഗത്തിന് മൂന്നാം

സ്ഥാനവും കരസ്ഥമാക്കാൻ കഴിഞ്ഞു. 7600 കി.മീ. റോഡുകൾ മെച്ചപ്പെട്ട നിലയിലാക്കിയതും ഏറ്റവും കൂടുതൽ പാലങ്ങൾ പൂർത്തീകരിച്ചതും കെട്ടിട നിർമ്മാണ രംഗത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതും ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, മിനിമം ഗ്യാരന്റി, ക്വാളിറ്റി സർട്ടിഫിക്കേഷൻ, ഗ്രീൻ ബിൽഡിംഗ് പോളിസി, മാനുവൽ പരിഷ്കരണം, ഇ-ടെണ്ടറിംഗ്, പ്രീ-ഫാബ്രിക്കേറ്റിംഗ് ടെക്നോളജി, ഹെറിറ്റേജ് ബിൽഡിംഗ് സംരക്ഷണം, മാതൃകാ സുരക്ഷാ റോഡ്, യാത്രക്കാർക്കായി അമിനിറ്റി സെന്റർ, തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ സമഗ്ര വികസനം എന്നിവ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടിന്റെ ഭാഗമായി 21 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള അനുമതി നൽകിക്കഴിഞ്ഞു. പെട്രോളിനും ഡീസലിനും ഈടാക്കുന്ന അധിക വിൽപ്പന നികുതിയുടെ 50 ശതമാനം കേരള റോഡ് ഫണ്ട് ബോർഡിന് ലഭ്യമാക്കാൻ ഉത്തരവായിട്ടുണ്ട്. ഗുരുവായൂർ നാലുവരിപ്പാത സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഭാഗമായി പി.പി.പി. ആന്വിറ്റി വ്യവസ്ഥയിൽ 106 കി.മീ. റോഡ് നിർമ്മാണത്തിന് 279 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതി എന്ന നിലയിൽ അഞ്ച് റോഡുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കും. ദേശീയ

പാതയിലെ കുഴികൾ നികത്തുന്നതിനായി പോട്ട് ഹോൾ ഫ്രീ പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെയും കൊച്ചി മെട്രോയുടെയും പങ്കാളിത്തത്തോടെ ഇടപ്പള്ളി ജംഗ്ഷനിലെ ഫ്ളൈ ഓവർ നിർമ്മാണം 2016 ഫെബ്രുവരി മാസത്തോടെ പൂർത്തീകരിക്കുന്നതും ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരം ശബരിമല റോഡ് 115 കിലോ മീറ്റർ ഈ വർഷം നവീകരിക്കുന്നതുമാണ്. റാന്നിയിൽ നിർമ്മിക്കുന്ന ശബരിമല തീർത്ഥാടകർക്കുള്ള പിൽഗ്രിം സെന്റർ ഉടൻതന്നെ പൂർത്തിയാക്കുന്നതാണ്. തിരുവനന്തപുരം നഗര-റോഡ് വികസന പദ്ധതിയുടെ മാതൃകയിൽ കോഴിക്കോട് നഗര റോഡ് വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളിലേറെയായി സ്ഥലം ഏറ്റെടുത്തിട്ടും നിർമ്മാണം തുടങ്ങാൻ കഴിയാതിരുന്ന കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ യാഥാർത്ഥ്യമാകുകയാണ്. കഴക്കൂട്ടം മുതൽ മുക്കോലവരെയുള്ള ബൈപ്പാസിന്റെ നിർമ്മാണത്തിന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ നൽകിക്കഴിഞ്ഞു. മുക്കോല മുതൽ കാരോട് വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിവരുന്നു. സംസ്ഥാന ഫണ്ട് ഉപയോഗിച്ച് തലശ്ശേരി - മാഹി ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ്

മെട്രോ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ഡി.എം.ആർ.സി. തയ്യാറാക്കിയ രൂപരേഖയും നിർമ്മാണ നടപടിക്രമങ്ങൾക്കുമുള്ള ശിപാർശ സർക്കാരിന്റെ അന്തിമ പരിഗണനയിലാണ്. സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക വളർച്ചയ്ക്ക് ഉതകുംവിധം തന്ത്രപ്രധാനമായ റോഡ് ശൃംഖല വികസിപ്പിക്കുക എന്നതാണ് സ്ട്രാറ്റജിക് റോഡ് നെറ്റ് വർക്ക് പദ്ധതിയുടെ ലക്ഷ്യം. കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടം ലോക ബാങ്ക് സഹായത്തോടെ പുനരാരംഭിക്കാൻ സാധിച്ചു. പുനലൂർ-പൊൻകുന്നം റോഡ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയും കഴക്കൂട്ടം-അടൂർ റോഡ് കെ.എസ്.റ്റി.പി.-2 പദ്ധതിയിൽ ഉൾപ്പെടുത്തി മാതൃകാ സുരക്ഷാ പാതയായും വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 58 പുതിയ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് ആർ.ബി.ഡി.സി. തുടക്കം കുറിച്ചു. എച്ച്.എം.ടി മുതൽ എൻ.എ.ഡി വരെയുള്ള സീ-പോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. സി.ആർ.എഫ് സഹായത്തോടെ 330 കി.മീ. റോഡുകളുടെ നിർമ്മാണപ്രവൃത്തി പുരോഗമിക്കുന്നു. കേന്ദ്ര റോഡ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്ത് 16 റോഡുകളും 3 പാലങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട 500 കി.മീ. റോഡുകൾ ഉന്നത ഗുണനിലവാരമുള്ള ബി.എം.&ബി.സി. റോഡുകളായി നവീകരിക്കും. ഗ്രാമീണ

റോഡുകളുടെ വികസനത്തിനായി 400 കോടി രൂപ കൂടി  അനുവദിക്കുന്നതാണ്. പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ദേശീയപാത എന്നീ വിഭാഗങ്ങളിലായി കരാറുകാർക്ക് കൊടുക്കാനുള്ള  കുടിശ്ശിക തുക ഘട്ടംഘട്ടമായി കൊടുത്ത് തീർക്കുന്നതും  മേലാറ്റൂർ-കരുവാരക്കുണ്ട് റോഡിന്റെ നിർമ്മാണം ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുന്നതുമാണ്. കൊല്ലം നഗരത്തിലെ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിനായി ആശ്രാമം ലിങ്ക് റോഡ് തോപ്പിൽക്കടവ് വരെ എക്സ്റ്റന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിന് റബ്ബറും പ്ലാസ്റ്റിക്കും കൂടുതലായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.  ടെൻഡർ സാങ്ഷൻ കമ്മിറ്റി അനുമതി നൽകിയ അഞ്ച് വർക്കുകൾക്ക് ക്യാബിനറ്റിന്റെ അംഗീകാരം വാങ്ങുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർക്കാരിന്റെ കാർഷികനയം ഉടൻ  പ്രഖ്യാപിക്കുന്നതാണ്. പരമ്പരാഗത കൃഷിരീതിയിൽനിന്നും കേരളം ഏറെ പുരോഗമിച്ചിട്ടുണ്ട്. കൃഷിസ്ഥലത്തിന്റെ വിസ്തൃതിയിലുണ്ടാകുന്ന കുറവ്, കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ് തുടങ്ങിയ വെല്ലുവിളികളെ  നേരിടുവാൻ  പുതിയ നയസമീപനം സ്വീകരിക്കേണ്ടതുണ്ട്. കർഷകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി കർഷകക്ഷേമ

ബോർഡ് രൂപീകരിക്കാനും പ്രാദേശിക ഭൂപ്രദേശ സൂചികകളായി ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ രജിസ്റ്റർ ചെയ്ത കാർഷിക ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാൻഡായി വിപണം ചെയ്യാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മൂല്യത്തിനനുസരിച്ച് വിപണി കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്ന കർഷകർക്ക് പ്രോത്സാഹനം നൽകാനും ഉൽപ്പന്നങ്ങൾ സർക്കാർ സ്ഥാപനമായ ഓയിൽപാം ഇന്ത്യ മുഖാന്തിരം സംഭരിച്ച് പ്രത്യേക ബ്രാൻഡായി വിപണനം നടത്തുവാനും നടപടികൾ സ്വീകരിക്കുന്നതാണ്.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.03-ന് പിരിഞ്ഞു.

* * * * * * * * *